**കൊറോണ നിരീക്ഷണവും ബോധവൽക്കരണവും ശക്തമായി തുടരുന്നു**

ആലപ്പുഴ:കൂടുതലായി കൊറോണ രോഗം റിപ്പോർട്ടു ചെയ്യുന്ന സാഹചര്യത്തിൽ ജില്ലയിൽ കൊറോണ നിരീക്ഷണവും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തമായി തുടരുന്നതായി ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ശുചിത്വ ശീലങ്ങൾ പാലിക്കുകയും സ്വയം സുരക്ഷിതരാകുന്നതിനും പുറമേ ആത്യാവശ്യമല്ലാത്ത യാത്രകൾ,പൊതുപരിപാടികൾ, അനാവശ്യമായ ആശുപത്രി സന്ദർശനങ്ങൾ എന്നിവ ഒഴിവാക്കുകയും ചെയ്യുകവഴി കൊറോണ രോഗത്തെ പ്രതിരോധിക്കാൻ കഴിയും.

ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പൊതുജനങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, അതിഥി സംസ്ഥാന തൊഴിലാളികൾ എന്നിവർക്കുവേണ്ടി 14 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. ഹരിപ്പാട് പോലീസ് സ്റ്റേഷൻ, നഗരസഭ എന്നിവിടങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തി. കൂടാതെ ജില്ലയിലെ 6 ഹെൽത്ത് ബ്ലോക്കുകളിൽ ജില്ലയിലെ പ്രോഗ്രാം ആഫീസർമാരുടെ നേതൃത്വത്തിൽ ജീവനക്കാർക്കുവേണ്ടി അവലോകന യോഗവും ബോധവൽക്കരണവും നടത്തിയതായും ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.

ജില്ലയിൽ രണ്ടുപേർ മെഡിക്കൽ കോളേജിലും, ജനറൽ ആശുപത്രിയിൽ ഒരാളും വീടുകളിൽ 40 പേരും നിരീക്ഷണത്തിൽ കഴിയുന്നു. ഇന്ന് 7 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

പൊതുജനങ്ങൾ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും കൂടുതൽ വിവരങ്ങൾക്കായി ദിശ - 0471- 2552056,കൺട്രോൾ റൂം - 0477-2239999,- 0477- 2251650 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

**മീഡിയ ക്ലബ് സംസ്ഥാനതല കോ-ഓർഡിനേറ്റർ ഒഴിവ്**

കേരള മീഡിയ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കോളേജുകളിലും സ്കൂളുകളിലും നടത്തിവരുന്ന മീഡിയ ക്ലബ് പ്രൊജക്ടിന് സംസ്ഥാനതല കോ-ഓർഡിനേറ്ററെ നിയമിക്കുന്നു. കരാർ വ്യവസ്ഥയിലാണ് നിയമനം. ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/പബ്ലിക് റിലേഷൻസിൽ ഡിപ്ലോമയുമുണ്ടായിരിക്കണം. സംസ്ഥാനതല പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്ത് പരിചയം ഉണ്ടായിരിക്കണം. മാധ്യമ വിദ്യാഭ്യാസമേഖലയിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം അഭികാമ്യം. താത്പര്യമുള്ളവർ വിശദമായ ബയോഡേറ്റ സഹിതം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 30 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 21 വൈകിട്ട് അഞ്ച്. ഫോൺ: 0484 2422275, 2422068.

**കോട്ടയം-ആലപ്പുഴ-കുമരകം പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസ് ഉദ്ഘാടനം 10ന്**

ആലപ്പുഴ: സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കോട്ടയം-ആലപ്പുഴ കുമരകം - പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസിന്റെ ഉദ്ഘാടനം മാർച്ച് 10ന് രാവിലെ ഒമ്പതിന് പൊതുമരാമത്ത് രജിസട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ ആലപ്പുഴ ബോട്ട് ജെട്ടിക്ക് സമീപം നിർവ്വഹിക്കും. ഗതാഗത വകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ അധ്യക്ഷത വഹിക്കും. എ.എം.ആരിഫ് എം.പി മുഖ്യാതിഥി ആയിരിക്കും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, ജില്ല കളക്ടർ എം.അഞ്ജന, മുനിസിപ്പൽ ചെയർമാൻ ഇല്ലിക്കൽ കുഞ്ഞുമോൻ, വാർഡ് കൗൺസിലർ റാണി രാമകൃഷ്ണൻ, ജലഗതാഗത വകുപ്പ് ഡയറക്ടർ ഷാജി.വി.നായർ, ജലഗതാഗത വകുപ്പ് ട്രാഫിക് സൂപ്രണ്ട് കെ.സുദേവൻ എന്നിവർ പങ്കെടുക്കും.

**പുതിയ സാധ്യതകൾ തുറന്ന് ആലപ്പുഴ -കോട്ടയം പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസ്**

ആലപ്പുഴ: ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ സർവ്വീസിനൊപ്പം ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ളതാണ് പുതുതായി ആരംഭിക്കുന്ന ജലഗതാഗത വകുപ്പിന്റെ ആലപ്പുഴ- കോട്ടയം പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ്.
സർവ്വീസിനായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടിൽ, 40 യാത്രക്കാർക്ക് എ.സി. ക്യാബിനിലും 80 യാത്രക്കാർക്ക് നോൺ എ.സി. ക്യാബിനിലും യാത്രചെയ്യുവാൻ സാധിക്കും. പാതിരാമണൽ ദ്വീപ്, കുമരകം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനായി ആലപ്പുഴയിൽ എത്തുന്ന സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിലുള്ള സുരക്ഷിതയാത്ര ഒരുക്കും. കനാൽ സൗന്ദര്യം ആസ്വദിക്കാനും സൗകര്യമുണ്ട് എന്നതാണ് ഇതിന്റെ പ്രത്യേകത. കോട്ടയം- ആലപ്പുഴ റൂട്ടിൽ വരുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും സ്വച്ഛമായും കുറഞ്ഞ സമയ ദൈർഘ്യത്തിലും ആലപ്പുഴയിൽ എത്തിച്ചേരുന്നതിന് സൗകര്യം ഒരുക്കും.
പാസഞ്ചർ സർവ്വീസ്, ഡേക്രൂയീസ് സർവ്വീസ് എന്ന തരത്തിലാണ് ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. ആലപ്പുഴയിൽ നിന്നും കോട്ടയത്ത് എത്തിച്ചേരുന്നതിന് ഒന്നര മണിക്കൂർ സമയദൈ4ഘ്യം മാത്രമാണുള്ളത്. ടൂറിസ്റ്റുകൾക്കും സാധാരണക്കാ4ക്കും ഒരുപോലെ പ്രയോജനപ്പെടുന്നതരത്തിലുള്ളതും വളരെ ചെലവുകുറഞ്ഞതുമായ സർവ്വീസ് ജില്ലയിലെ തന്നെ സർക്കാർ തലത്തിലുള്ള ആദ്യത്തെ കണ്ടക്ടഡ് ടൂർ പാക്കേജാണ്.
കോട്ടയത്തുനിന്നും രാവിലെ 7.30 ന് പുറപ്പെട്ട് 9.30 ന് ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിലും വൈകുന്നേരം 5.30നു ആലപ്പുഴയിൽ നിന്നും പുറപ്പെട്ട് രാത്രി 7.30 നു കോട്ടയത്ത് എത്തിച്ചേരുന്ന തരത്തിലുമാണ് പാസഞ്ചർ സർവ്വീസ് ക്രമീകരിച്ചിരിക്കുന്നത്. ആലപ്പുഴയ്ക്കും കോട്ടയത്തിനും ഇടയിൽ പുഞ്ചിരി, മംഗലശ്ശേരി, കമലന്റെ മൂല, കൃഷ്ണൻകുട്ടി മൂല, പള്ളം എന്നിങ്ങനെ അഞ്ചു സ്റ്റോപ്പുകളാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ -കോട്ടയം ടിക്കറ്റ് നിരക്കായി എ.സി. ക്യാബിനിൽ 100 രൂപയും നോൺ എസി ക്യാബിനിൽ 50 രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്.
രാവിലേയും വൈകുന്നേരവും ഉള്ള പാസഞ്ചർ സർവ്വീസുകൾക്കിടയിൽ രാവിലെ 10.00 നു ആലപ്പുഴയിൽ നിന്നും ആരംഭിച്ച് പുന്നമട, മുഹമ്മ, കായിപ്പുറം, പാതിരാമണൽ തണ്ണീർമുക്കം ബണ്ട് വഴി ഉച്ചയ്ക്ക് 1.15 നു കുമരകം പക്ഷിസങ്കേതത്തിൽ എത്തുന്ന തരത്തിലും തിരികെ 2.15 നു പുറപ്പെട്ട് വൈകുന്നേരം 4.30നു ആലപ്പുഴയിൽ എത്തിച്ചേരുന്നതരത്തിലും രണ്ടു ട്രിപ്പുകളായിട്ടാണ് ഡേക്രൂയീസ് സർവ്വീസുകൾ ക്രമീകരിച്ചിരിക്കുന്നത്. പ്രധാന ടൂറിസം കേന്ദ്രങ്ങളായ പാതിരാമണൽ, കുമരകം പക്ഷിസങ്കേതം എന്നിവിടങ്ങളിലെ കാഴ്ചകൾ ആസ്വദിക്കുന്നതിന് അവസരം ഒരുക്കുന്നതരത്തിലാണ് ബോട്ടിന്റെ സർവ്വീസ് സമയം ക്രമീകരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള വകുപ്പിന്റെ ആദ്യസംരഭമാണിത്.
ആലപ്പുഴ കുമരകം ടിക്കറ്റ് നിരക്കായി എ.സി. ക്യാബിനിൽ 40 രൂപ കമ്മീഷനുൾപ്പെടെ 300 രൂപയും നോൺ എ.സി. ക്യാബിനിൽ 30 രൂപ കമ്മീഷനുൾപ്പെടെ 200 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ സഹായത്തോടുകൂടി ഒരു ലഘുഭക്ഷണശാലയും ക്രമീകരിക്കുന്നതാണെന്ന് ജലഗതാഗത വകുപ്പ് ഡയറക്ടർ അറിയിച്ചു.
--